## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2831** 13.07.2015-ൽ മറുപടിയ്ക്ക്

### ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറി

ചോദ്യം
ശ്രീ. വി. ശശി

മറുപടി
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വയനാട്, കണ്ണൂർ, കോട്ടയം ജില്ലകളിലെ ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികൾ നടത്തപ്പെടുന്നതായി പട്ടികജാതി ഗോത്ര കമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ; | എ) | കോട്ടയം, ഇടുക്കി ജില്ലകളിലെ ആദിവാസി ഭൂമി കൈയ്യേറി കരിങ്കൽ ക്വാറികൾ വ്യാപകമാക്കുന്നതിനുള്ള ശ്രമം നടത്തുന്നു എന്നത് സംബന്ധിച്ച് മലഅരയ സംരക്ഷണ സമിതി പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന് പരാതി നല്കിയിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ ലഭിച്ച പരാതികളിൽ അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | ബി) | മേൽ പരാതിയിൻമേൽ 18.03.2015 -ന് സ്ഥലം സന്ദർശിച്ച് പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. പരാതി ഇപ്പോൾ കമ്മീഷനിൽ വിചാരണയിലാണ്. പരാതിയിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ടി കേസ് തീർപ്പ് കൽപ്പിച്ചിട്ടില്ല. |

[signature]
സെക്ഷൻ ഓഫീസർ